# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി.6/2019/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 25/10/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി.6/2019/2022 തീയ്യതി: 25/10/2022

## കോട്ടയം ജില്ലയിലെ മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-08-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി.ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 13-09-2022 | 24-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-09-2022 | 24-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രതീഷ് സി.ആർ, ഓഡിറ്റ് ഓഫീസർ
ശ്രീ.സുമേഷ് പി.വി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ആൽബിൻ സിറിയക്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ബീനാകുമാരി റ്റി.വി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി കെ.ബി.രമ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി മീര എൻ.മേനോൻ | സെക്രട്ടറി | 01-04-2021 | 24-04-2021 |
| ശ്രീ.എം.ടി.ജിജിമോൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-04-2021 | 23-05-2021 |
| ശ്രീമതി മീര എൻ.മേനോൻ | സെക്രട്ടറി | 24-05-2021 | 05-07-2021 |
| ശ്രീ.റജിമോൻ വി.എൻ. | സെക്രട്ടറി | 06-07-2021 | 23-07-2021 |
| ശ്രീ.രാജീവ് എസ്.കെ. | സെക്രട്ടറി | 24-07-2021 | 03-08-2021 |
| ശ്രീ.സുരേഷ് കുമാർ കെ. | സെക്രട്ടറി | 04-08-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലിറ്റി വർഗ്ഗീസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി അന്ന കെ.ജോസഫ് | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.മനോജ് കുമാർ എം. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 27-07-2021 |
| ശ്രീമതി അഷിദ മായിൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 28-07-2021 | 18-11-2021 |
| ശ്രീ.ലിബീഷ് മാത്യൂ | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-11-2021 | 31-03-2022 |
| ഡോ.ബി.അനിൽകുമാർ | വെറ്ററിനറി സർജൻ | 01-04-2021 | 14-09-2021 |
| ഡോ.ധന്യ | വെറ്ററിനറി സർജൻ | 15-09-2021 | 31-03-2022 |
| ശ്രീമതി പൊന്നമ്മ കെ.ജെ. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ.ജിജിമോൻ എം.റ്റി. | അസി.സെക്രട്ടറി | 01-04-2021 | 03-07-2021 |
| ശ്രീ.അരുണ് ജിതേഷ് ആർ. | ഹെഡ് ക്ലാർക്ക്-ചാർജ്ജ് | 04-07-2021 | 22-07-2021 |
| ശ്രീ.കെ.പി.മധു | അസി.സെക്രട്ടറി | 23-07-2021 | 31-03-2022 |
| ശ്രീമതി സൂര്യ | വി.ഇ.ഒ. | 01-04-2021 | 31-03-2022 |
| ശ്രീമതി ജിഷ പി.റ്റി. | വി.ഇ.ഒ. | 01-04-2021 | 31-03-2022 |
| ഡോ.ലിറ്റി തോമസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2021 | 31-03-2022 |
| ഡോ.വിദ്യ എസ് | മെഡിക്കൽ ഓഫീസർ, ആയൂർവേദം | 01-04-2021 | 31-03-2022 |
| ഡോ.നമിത കെ.ആർ. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.റ്റി.കെ.സുവർണ്ണൻ | ഹെഡ്മാസ്റ്റർ | 01-04-2021 | 30-04-2021 |
| ശ്രീ.പ്രവീൺ കുമാർ പി.റ്റി. | ഹെഡ്മാസ്റ്റർ | 01-05-2021 | 26-10-2021 |
| ശ്രീ.പ്രമോദ് സി.പി. | ഹെഡ്മാസ്റ്റർ | 27-10-2021 | 31-03-2022 |
| ശ്രീമതി റയ്ഹനത്ത് | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ratheesh C R (Audit Officer, On 14-09-2022)<br>Last Updated By: Beenakumari T V (Auditor, On 16-09-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Ratheesh C R (Audit Officer, On 26-09-2022)<br>Last Updated By: Ratheesh C R (Audit Officer, On 26-09-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Ratheesh C R (Audit Officer, On 14-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-10-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Ratheesh C R (Audit Officer, On 26-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-10-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Ratheesh C R (Audit Officer, On 26-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-10-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ratheesh C R (Audit Officer, On 14-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-10-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Beenakumari T V (Auditor, On 14-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-10-2022) | 1-7 |
| 8 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Ratheesh C R (Audit Officer, On 14-09-2022)<br>Last Updated By: Ratheesh C R (Audit Officer, On 14-09-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Ratheesh C R (Audit Officer, On 26-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-10-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Ratheesh C R (Audit Officer, On 14-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-10-2022) | 1-10 |
| 11 | തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഈടാക്കിടിയിട്ടില്ല<br>Written By: Beenakumari T V (Auditor, On 22-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-10-2022) | 1-11 |
| 12 | അനധികൃത ഫാം ഒഴിപ്പിച്ച ഇനത്തിൽ ചെലവായ തുക പഞ്ചായത്ത് ഫണ്ടിൽ തിരികെ ഈടാക്കിയിട്ടില്ല<br>Written By: Beenakumari T V (Auditor, On 22-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-10-2022) | 1-12 |
| 13 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Albin Cyriac (Auditor, On 24-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-10-2022) | 1-13 |
| 14 | ഗ്രാമസഭ അംഗീകരിക്കാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകി.<br>Written By: Albin Cyriac (Auditor, On 24-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-10-2022) | 1-14 |
| 15 | സ്കോളർഷിപ്പ് വിതരണം - ഗ്രാമസഭ അംഗീകരിക്കാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകി.<br>Written By: Sumesh P V (Asst. Audit Officer, On 24-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-10-2022) | 1-15 |
| 16 | മരുന്നുകൾ ലഭ്യമായിട്ടില്ല.<br>Written By: Albin Cyriac (Auditor, On 24-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-10-2022) | 1-16 |

| | | |
|---|---|---|
| 17 | ആയുർവേദ മരുന്ന് - 7614 രൂപയുടെ മരുന്ന് ലഭ്യമായില്ല<br>Written By: Sumesh P V (Asst. Audit Officer, On 24-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-10-2022) | 1-17 |
| 18 | ഹോമിയോ മരുന്ന് - 85883 രൂപയുടെ മരുന്ന് ലഭ്യമായില്ല<br>Written By: Sumesh P V (Asst. Audit Officer, On 24-09-2022)<br>Last Updated By: Ratheesh C R (Audit Officer, On 26-09-2022) | 1-18 |
| 19 | പാൽ ഇൻസെന്റീവ് - ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുന്നില്ല.<br>Written By: Sumesh P V (Asst. Audit Officer, On 24-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-10-2022) | 1-19 |
| 20 | പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ<br>Written By: Sumesh P V (Asst. Audit Officer, On 24-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-10-2022) | 1-20 |
| 21 | വിനിയോഗവിവരം ലഭ്യമാകാത്ത ഡെപ്പോസിറ്റ് വർക്കുകൾ.<br>Written By: Sumesh P V (Asst. Audit Officer, On 24-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-10-2022) | 1-21 |
| 22 | പൊളിച്ചെടുത്ത സാധനങ്ങൾ ലേലം ചെയ്ത് നൽകിയിട്ടില്ല.<br>Written By: Ratheesh C R (Audit Officer, On 26-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-10-2022) | 1-22 |
| 23 | പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയില്ല- നിശ്ചിത നിരക്കിൽ പിഴ ഈടാക്കിയില്ല<br>Written By: Ratheesh C R (Audit Officer, On 26-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-10-2022) | 1-23 |
| 24 | മൂന്നാം വാർഡിലെ അങ്കണവാടി കെട്ടിട നിർമ്മാണം – സ്ഥലം ലഭിച്ചിട്ടും പദ്ധതി നടപ്പാക്കിയിട്ടില്ല.<br>Written By: Ratheesh C R (Audit Officer, On 26-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-10-2022) | 1-24 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: Albin Cyriac (Auditor, On 24-09-2022)<br>Last Updated By: Albin Cyriac (Auditor, On 24-09-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Albin Cyriac (Auditor, On 24-09-2022)<br>Last Updated By: Albin Cyriac (Auditor, On 24-09-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: Albin Cyriac (Auditor, On 24-09-2022)<br>Last Updated By: Albin Cyriac (Auditor, On 24-09-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ<br>Written By: Albin Cyriac (Auditor, On 24-09-2022)<br>Last Updated By: Albin Cyriac (Auditor, On 24-09-2022) | 4-4 |
| 5 | വായ്പ /വായ്പാ തിരിച്ചടവ്<br>Written By: Albin Cyriac (Auditor, On 24-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-10-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Albin Cyriac (Auditor, On 24-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-10-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Albin Cyriac (Auditor, On 24-09-2022) | 4-7 |

| | | |
|---|---|---|
| | Last Updated By: Albin Cyriac (Auditor, On 24-09-2022) | |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Albin Cyriac (Auditor, On 24-09-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-10-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം<br>Written By: Albin Cyriac (Auditor, On 24-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-10-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Albin Cyriac (Auditor, On 24-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-10-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Albin Cyriac (Auditor, On 24-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-10-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 28.02.2022 തീയതിയിലെ 22/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 3558850 | 11929783 |
| വരവ് | 188335473 | 60171405 |
| ആകെ | 191894323 | 72101188 |
| ചെലവ് | 190558022 | 59862288 |
| നീക്കിയിരിപ്പ് | 1336301 | 12238900 |

### 1-2 വാർഷികധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 11.05.22 -ലെ 20(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2021-22 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 11929783 രൂപയും തൻവർഷ വരവ് 60171405 രൂപയും തൻവർഷചെലവ് 5,98,62,286 രൂപയും വർഷാവസാന നീക്കിയിരിപ്പ് 12238900/- രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 155238704/- രൂപയും ആകെ ചെലവ് 158980804/- രൂപയും ആകുന്നു. 2021-22 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)26-7-11-ലെ ജി.ഒ (എം.എസ് )152/11-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള നിരക്കിലാണോ എന്നത് വ്യക്തമല്ല.

2) വസ്തു നികുതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

3)2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58(4) എച്ച് പ്രകാരം തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല( ഷെഡ്യൂൾ I-16).

4)2011-ലെ കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോ പത്രിക വാർഷികകണക്കുകൾക്കൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11929783 |
| ഓഡിറ്റ് വർഷത്തെ വരവ് | 60171405 |
| ആകെ | 72101188 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 59862288 |
| നീക്കിയിരിപ്പ് | 12238900 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1914119 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | പ്രാരംഭബാക്കി | വരവ് (സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് ലാപ്സായതുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 15764558 | 15764558 | 15439000 | 325558 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 5423896 | 5423896 | 5218000 | 205896 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 13678 | 13678 | 0 | 13678 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 0 | 6816000 | 6816000 | 2848315 | 3967685 |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് | 0 | 5685149 | 5685149 | 5437828 | 247321 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | 0 | 4124955 | 4124955 | 3719985 | 404970 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 0 | 7628240 | 7628240 | 3523438 | 4104802 |
| എം.ജിഎൻ.ആർ.ഇ.ജി.എസ് | 0 | 876625 | 876625 | 876625 | 0 |
| എസ്.എസ്.എ | 45579 | 1243 | 46822 | 0 | 46822 |
| ഐ.സി.ഡി.എസ് | 298446 | 645594 | 944040 | 666041 | 277999 |
| റ്റി.എസ്.സി | 6100 | 0 | 6100 | 0 | 6100 |

1. ജി.ഒ. പ്രോജക്ടായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP 7) ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.പി, റ്റി.എസ്.പി ഫണ്ട് ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ , വാർഷികകണക്ക് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

2. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ , നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

3.കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതികൾ വകയിരുത്തൽ, ചെലവ്, നീക്കിയിരിപ്പ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക കണക്കുകൾ, പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന എസിആർ / ക്യാഷ് ബുക്ക് എന്നിവയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 10.03.22 ലെ ഉത്തരവ് നം.81898/21/DPC/DPO/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 25.01.2021 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 03.02.2021 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 13.02.1 മുതൽ 18.02.2021 വരെ |
| വയോജന/ഭിന്നശേഷി ഗ്രാമസഭ | 11.02.21 |
| വികസനസെമിനാർ | 23.02.2021 |

ജനങ്ങളുടെ സാമ്പത്തിക വികസനവും സാമൂഹ്യനീതി ഉറപ്പാക്കലും ലക്ഷ്യമിട്ട് തയ്യാറാക്കിയ 2021-22 ലെ വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 72218814/- രൂപയും ആകെ ചെലവ് 42267768/- രൂപയും ചെലവുശതമാനം 58.52 %. മാണ്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥർ | അംഗീകാരം ലഭിച്ചവ | നടപ്പിലാക്കിയവ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 9 | 1676274 | 1664060 | 99.27 |
| വെറ്ററിനറി സർജൻ | 6 | 6 | 3318000 | 3005009 | 90.57 |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. | 9 | 9 | 4891030 | 4855318 | 99.27 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 3 | 3 | 2117000 | 2117000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 3 | 3 | 1211000 | 1018566 | 84.11 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 6 | 6 | 2740000 | 1890000 | 68.98 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 7 | 4187575 | 3652823 | 87.23 |
| സെക്രട്ടറി | 28 | 26 | 6945930 | 6278452 | 90.39 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 8 | 7 | 27846670 | 6021547 | 21.62 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 41 | 29 | 14964806 | 9500127 | 63.48 |
| ഹെഡ്മാസ്റ്റർ ഗവ. യു . പി. എസ് . | 4 | 4 | 664392 | 647813 | 97.5 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 300000 | 300000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 6 | 1156137 | 1117053 | 96.62 |
| ആകെ | 132 | 117 | 72218814 | 42267768 | 58.53 |

അസിസ്റ്റന്റ് എൻജിനീയർ, വി ഇ ഒ മാർ എന്നിവരുടെ ചെലവ് ശതമാനം കുറഞ്ഞത് ആകെ പദ്ധതി ചെലവ് കുറയാൻ ഇടയാക്കി. തുടർ വർഷങ്ങളിൽ പദ്ധതി തുക പൂർണ്ണമായി ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2021-22 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2021-22 വർഷം സാങ്കേതിക അനുമതി ലഭിച്ച 369 പ്രോജക്ടുകളിൽ 245 എണ്ണം തൻവർഷം നടപ്പിലാക്കി. 152002 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1842 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ആകെയുള്ള 312 അയൽക്കൂട്ടങ്ങളും പദ്ധതികളുമായി സഹകരിക്കുന്നുണ്ട്. വൃക്ഷതൈ വച്ചു പിടിപ്പിക്കൽ, ഭൂവികസന പ്രവൃത്തികൾ, തോടുകളുടേയും കുളങ്ങളുടേയും പുനരുദ്ധാരണം എന്നിങ്ങനെയുള്ള പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്. എം ജി എൻ ആർ ഇ ജി എസ് ക്യാഷ്ബുക്ക് പ്രകാരമുള്ള 2021-22 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | - | 876625 | 876625 | 876625 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 49493003 | 49493003 | 49493003 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 118800 | 55 |
| കർഷകതൊഴിലാളി പെൻഷൻ | 420000 | 14 |
| വിധവാപെൻഷൻ | 9075800 | 610 |
| വാർദ്ധക്യകാലപെൻഷൻ | 33594200 | 2809 |
| വികലാംഗപെൻഷൻ | 4279100 | 276 |
| അവിവാഹിത സ്ത്രീ പെൻഷൻ | 731200 | 51 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.09.2022 3.30 പി എം ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10,708/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ജോലികൾ വിഭജിച്ച് നൽകുന്നുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഫണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നു. അഡ്വാൻസ്

രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്.ആവർത്തന ചെലവുകളായ തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ് , ഓഫീസ് വൈദ്യുത ചാർജ് , ടെലഫോൺ ചാർജ്, വാട്ടർ ചാർജ് എന്നിവയുടെ വിവരങ്ങളടങ്ങിയ രജിസ്റ്ററും പഞ്ചായത്തിൽ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.11.2021 | 6/2021 വരെ | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.07.2014 | 2007-08 മുതൽ 2011-12 വരെ | 19.06.2012 ലെ എച്ച് ബി എ (എച്ച് ക്യൂ) 2/8 എ 1819/ജെ5 |

1-11 തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഈടാക്കിടിയിട്ടില്ല

(എ) മറവൻതുരുത്ത് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2021-22 ൽ (രണ്ട് അർദ്ധവർഷങ്ങൾ) തൊഴിൽനികുതി അടവാക്കിയിട്ടില്ല

1) സർവീസ് സഹകരണ ബാങ്ക്, കെ.എസ്. മംഗലം (5441), ഹെഡ് ഓഫീസ്

2) സർവീസ് സഹകരണ ബാങ്ക്, കെ.എസ്. മംഗലം (5441) ചെമ്മനാകരി, ബ്രാഞ്ച്

3) റേഷൻ കടകൾ

(ബി) സ്ഥാപന തൊഴിൽനികുതി അടവാക്കിയിട്ടില്ല

1) സർവീസ് സഹകരണ ബാങ്ക്, കെ.എസ്. മംഗലം (5441), ഹെഡ് ഓഫീസ്

2) സർവീസ് സഹകരണ ബാങ്ക്, കെ.എസ്. മംഗലം (5441) ചെമ്മനാകരി, ബ്രാഞ്ച്

3) സർവീസ് സഹകരണ ബാങ്ക് 121-മറവന്തുരുത്ത് (ബ്രാഞ്ച്)

4) സർവീസ് സഹകരണ ബാങ്ക് 121-പാലാംകടവ് (ബ്രാഞ്ച്)

എൻക്വയറി നം.9/19.09.22 ന് തൊഴിൽ നികുതി ഈടാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഈടാക്കി രേഖാമൂലം വിവരം അറിയിയ്ക്കേണ്ടതാണ്.

1-12 അനധികൃത ഫാം ഒഴിപ്പിച്ച ഇനത്തിൽ ചെലവായ തുക പഞ്ചായത്ത് ഫണ്ടിൽ തിരികെ ഈടാക്കിയിട്ടില്ല

സ്വകാര്യ വ്യക്തിയുടെ അനധികൃത പന്നി ഫാം ഒഴിപ്പിക്കുന്നതിന് തനത് ഫണ്ടിൽ നിന്നും ചുവടെ ചേർക്കും പ്രകാരം ചെലവ് ചെയ്തതായി കാണുന്നു.

| വൗച്ചർ നം. | ചെക്ക് നം, തീയതി | തുക | വൌച്ചറിന്റെ വിശദാംശം |
|---|---|---|---|
| 22101113 | 107064/ 21.01.2022 | 23,000/- | വാഹന വാടക, തൊഴിലാളികളുടെ കൂലി എന്നിവ |

| | | | |
|---|---|---|---|
| | | | ഇനത്തിൽ |
| 22101117 | 107065/ 24.01.2022 | 4500/- | ഒഴിപ്പിക്കൽ നടപടി വീഡിയോ റെക്കോർഡ് ചെയ്തത് |
| 22101212 | 7119/ 09.02.2022 | 2000/- | ഒഴിപ്പിക്കൽ നടപടിയിൽ പങ്കെടുത്ത വിവിധ ജീവനക്കാർക്ക് ഭക്ഷണം നൽകുന്നതിന് |
| | ആകെ | 29500 | |

തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക സ്വകാര്യ വ്യക്തിയിൽ നിന്നും തിരികെ ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.15/20.09.2020) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ച 29,500/- രൂപ ഫാം ഉടമസ്ഥനിൽ നിന്നും ഈടാക്കിയശേഷം അറിയിക്കാമെന്നാണ് ലഭ്യമാക്കിയ മറുപടി. തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ ഈടാക്കിയ ശേഷം വിവരം അറിയിക്കേണ്ടതാണ്. മേൽ സാഹചര്യത്തിൽ 29,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-13 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് - 26/21-22- കന്നുകുട്ടി പരിപാലനം

ബില്ല് നം 06/21-22 തീയതി 18/12/21 തുക 312500

ചെലവ്- 937500 രൂപ (312500- വികസന ഫണ്ട് ജനറൽ+ 625000- ഗുണഭോക്തൃ വിഹിതം )

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥയായ പ്രസ്തുത പ്രോജക്ട് പ്രകാരം 312500 രൂപ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ 708011400000050 നമ്പർ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/19.09.22) പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

1-14 ഗ്രാമസഭ അംഗീകരിക്കാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകി.

പ്രോജക്ട് - 21/21-22- വീട്ടു വളപ്പിലെ കുളങ്ങളിൽ മത്സ്യ കൃഷി

ചെലവ്- 467127 രൂപ (98127- വികസന ഫണ്ട് ജനറൽ+ 3690000- ഗുണഭോക്തൃ വിഹിതം )

ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണോദ്യോഗസ്ഥയായ പ്രസ്തുത പ്രോജക്ട് പ്രകാരം 5 ഗുണഭോക്താക്കൾക്ക് വീട്ടു വളപ്പിലെ കുളങ്ങളിൽ മത്സ്യ കൃഷി ചെയ്യുവാനായി ധനസഹായം നൽകിയിട്ടുണ്ട്. അതിൽ ബിൽ നം. 06/21-22 പ്രകാരം (17/12/21 തീയതി, 40584 രൂപ) യഥാക്രമം 11484 രൂപ, 29100 രൂപ വീതം കൈപ്പറ്റിയ രാജീവ് പി.പി., ബാലചന്ദ്രൻ എൽ.ബി എന്നിവർക്ക് 06/12/21 തീയതിയിലെ 1(2) നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരവും ബിൽ നം. 08/21-22 പ്രകാരം (07/01/22 തീയതി, 32700 രൂപ) 32700 രൂപ കൈപ്പറ്റിയ മുരളീധരൻ നായർക്ക് 10/02/22 തീയതിയിലെ 1(4)നമ്പർ കമ്മറ്റി തീരുമാനപ്രകാരവുമാണ് ആനുകൂല്യം നൽകിയത്. എന്നാൽ ഗുണഭോക്തൃലിസ്റ്റ് പരിശോധിച്ചതിൽ പ്രസ്തുത ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ലയെന്ന് കാണുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/19.09.22) ടി വിഷയം അടുത്ത ഗ്രാമ സഭയിൽ ഉൾപ്പെടുത്തി സാധൂകരണം വാങ്ങിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. അതുവരെ 73284/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുടർ നടപടികളുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

1-15 സ്കോളർഷിപ്പ് വിതരണം - ഗ്രാമസഭ അംഗീകരിക്കാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകി.

| | |
|---|---|
| പ്രോജക്ട് നമ്പർ | 151/22 |
| പ്രോജക്ടിന്റെ പേര് | സ്കോളർഷിപ്പ് വിതരണം |
| ഫണ്ടിനം,ചെലവ് | 120000/-<br>വികസനഫണ്ട് (എസ്.സി.പി) |
| ബിൽ നമ്പർ , തീയതി | 11/24.2.22<br>13/11.3.22 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. സെക്രട്ടറി |

മേൽ പ്രോജക്ടിനായി ബിരുദത്തിന് പഠിക്കുന്ന 6 വിദ്യാർത്ഥികൾക്ക് 20000/- രൂപ വീതം ആനുകൂല്യം നൽകിയിട്ടുണ്ട്. അതിൽ വാർഡ് 3 ലെ കലേഷ് കുമാർ പാണിയകാട്ടിൽ, നികിത നോയമ്പാട്ടിപടവിൽ , ആര്യനന്ദ ബാബു മുതലക്കുഴിയിൽ, സാന്ദ്ര തയ്യിറ്റം എന്നീ വിദ്യാർത്ഥികൾക്ക് 14.2.22 ലെ 1(2) നമ്പർ കമ്മറ്റി തീരുമാനപ്രകാരവും വാർഡ് 15 ലെ ഹരിപ്രകാശ് പുത്തൻതറയിൽ എന്ന വിദ്യാർത്ഥിക്ക് 28.2.22 ലെ 1(18) നമ്പർ കമ്മറ്റി തീരുമാനപ്രകാരവുമാണ് ആനുകൂല്യം നൽകിയത്. ടി ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചിട്ടുണ്ടെങ്കിൽ ആയത് രേഖാമൂലം ബോദ്ധ്യപ്പെടുത്താനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 6/16.9.22 ) നൽകുകയുണ്ടായി. പട്ടികജാതി വിഭാഗത്തിന്റെ ഫണ്ട് അടിയന്തിരമായി ചെലവഴിക്കേണ്ടിവന്നതിനാലാണ് കമ്മറ്റിതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് നിർവ്വഹിക്കേണ്ടിവന്നതെന്നാണ് ലഭിച്ച മറുപടി. അടുത്ത ഗ്രാമസഭയിൽ ടി വിദ്യാർത്ഥികളുടെ പേര് ഉൾപ്പെടുത്തി റാറ്റിഫിക്കേഷൻ വാങ്ങുമെന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച ശേഷം വിവരം അറിയിക്കേണ്ടതാണ്. അതുവരെ 100000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-16 മരുന്നുകൾ ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണോദ്യോഗസ്ഥനായ വിവിധ പ്രോജക്ടുകൾ മുഖേന മരുന്നുകൾ/മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ബില്ലിന്റെ വിശദാംശങ്ങൾ | തുക നൽകിയ സ്ഥാപനം | മരുന്നിന് നൽകിയ തുക (രൂപ) | ലഭിക്കാനുള്ള മരുന്നുകൾ (രൂപ) |
|---|---|---|---|---|
| 32/21-22 ആശ്വാസ കിരണം (ചെലവ്- 797296 രൂപ {789712 രൂപ(വികസന ഫണ്ട്+ 7584 രൂപ(തനത് | ബിൽ നം- 32/21-22 തീയതി: 15/03/22 തുക- 148821 രൂപ | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ്. | 109708 | 62671 |
| | ബിൽ നം- 21/ 21-22 തീയതി: 19/11/2021 | കേരള മെഡിക്കൽ സർവ്വീസ് | 72520 | 5485 |

| | | | | |
|---|---|---|---|---|
| ഫണ്ട്)}) | തുക- 109775 രൂപ | കോർപ്പറേഷൻ ലിമിറ്റഡ്. | | |
| 59/21-22 സ്ഥിരം മരുന്നു കഴിക്കുന്ന രോഗികൾക്ക് മരുന്ന് വിതരണം (ചെലവ്- 1460000 രൂപ റോഡിതരം) | ബിൽ നം- 36/ 21-22 തീയതി: 21/03/22 തുക- 840814 രൂപ | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ്. | 840814 | 378922 |
| | ആകെ | | 1790405 | 447078 |

447078 രൂപയുടെ മരുന്നുകൾ/മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. 447078/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

### 1-17 ആയുർവേദ മരുന്ന് - 7614 രൂപയുടെ മരുന്ന് ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണോദ്യോഗസ്ഥയായ ആയുർവേദ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം (പ്രോജക്ട് നമ്പർ 27/21-22 ചെലവ് - 1817000 രൂപ -റോഡിതരം) 1817000 രൂപ ഔഷധിക്ക് നൽകിയിട്ടുണ്ട് (വൗച്ചർ നമ്പർ- 22100746/21-22, തീയതി 13.9.21). എന്നാൽ ഔഷധിയിൽ നിന്ന് ലഭ്യമാക്കിയ വിവിധ തീയതികളിലെ ഇൻവോയിസുകൾ പ്രകാരം 1809386/- രൂപക്കുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. 7614/- രൂപക്കുള്ള മരുന്നുകൾ ലഭിക്കാത്തതിനാൽ 7614/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-18 ഹോമിയോ മരുന്ന് - 85883 രൂപയുടെ മരുന്ന് ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണോദ്യോഗസ്ഥയായ ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം (പ്രോജക്ട് നമ്പർ 19/21-22 ചെലവ് - 200000 രൂപ -റോഡിതരം) 200000 രൂപ ഹോംകോ മാനേജിംഗ് ഡയറക്ടറുടെ 34306403911 നമ്പർ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട് (ബിൽ നമ്പർ- 01/21-22, തീയതി 9.12.21). എന്നാൽ ഹോംകോയിൽ നിന്ന് ലഭ്യമാക്കിയ 30.5.22 തീയതിയിലെ എൽ.എഫ്-87 നമ്പർ ഇൻവോയിസ് പ്രകാരം 114117 രൂപക്കുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. 85883/- രൂപക്കുള്ള മരുന്നുകൾ ലഭിക്കാത്തതിനാൽ 85883/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-19 പാൽ ഇൻസെന്റീവ് - ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുന്നില്ല.

ക്ഷീരവികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി ക്ഷീരകർഷകർക്ക് പാൽ വില ഇൻസെന്റീവ് നൽകുന്ന പ്രോജക്ടിനായി തൻവർഷം വികസനഫണ്ടിൽ നിന്നും 300000 രൂപ വകയിരുത്തി ചെലവഴിച്ചു. ആകെ മൂന്ന് ക്ഷീരസംഘങ്ങളിലായി 122 ഗുണഭോക്താക്കൾക്ക് മാത്രമാണ് ആനുകൂല്യം നൽകിയത്. അതും 6/21 , 7/21 , 8/21, 9/21 മാസങ്ങളിൽ മാത്രമായി ആനുകൂല്യം പരിമിതപ്പെടുത്തി.

14.02.2018-ലെ സ.ഉ.(കൈ )നം. 22/2018/തസ്വഭവ - ഉത്തരവ് ഖണ്ഡിക 6.2.8 - പാലിന് സബ്സിഡി - പദ്ധതി പ്രകാരം ഒരു കർഷകന് ( ലിറ്ററിന് നാല് രൂപ നിരക്കിൽ-ഇതിൽ ക്ഷീര വികസന വകുപ്പ്

നൽകുന്ന സബ്സിഡി തുകയായ ഒരു രൂപ ഉൾപ്പടെ ) നാല്പതിനായിരം രൂപ വരെ സബ്സിഡി നൽകാവുന്നതാണ്. ഗുണഭോക്തൃ ലിസ്റ്റ് പരിശോധിച്ചതിൽ തൻ വർഷം എല്ലാ വാർഡുകളിലും കൂടി പ്രസ്തുത പദ്ധതികൾക്ക് 357 ഗുണഭോക്താക്കളുള്ളതായി കാണുന്നു. ഇത്രയും ഗുണഭോക്താക്കളുണ്ടായിരുന്നിട്ടും വളരെ തുച്ഛമായ തുക മാത്രം ചെലഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 2/16.9.22) മറുപടി ലഭ്യമായില്ല. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്. എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭിക്കുന്ന രീതിയിൽ മതിയായ തുക പ്രോജക്റ്റിൽ വകയിരുത്തി ചെലവഴിക്കേണ്ടതാണ്.

## 1-20 പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ

പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതിനായി പ്രതിമാസം 119448 /- രൂപ വീതം ചെലവഴിക്കുന്നുണ്ട്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം ആകെ 260 വാട്ടർ ടാപ്പുകളാണ് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ളത്. എന്നാൽ നാളിതുവരെ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

ജൽജീവൻ പ്രോജക്റ്റിൽപെടുത്തി ഗ്രാമപഞ്ചായത്തിൽ 1851 ഗാർഹിക കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ട്. കൂടാതെ മൂന്നാം ഘട്ടം ജൽജീവൻമിഷൻ പ്രവർത്തനപ്രകാരം കൂടുതൽ വീടുകൾക്ക് കുടിവെള്ളകണക്ഷൻ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. കൂടുതൽ ഗാർഹികകുടിവെള്ള കണക്ഷൻ നൽകിയിട്ടുള്ളതിനാൽ പൊതുടാപ്പുകളുടെ എണ്ണം ക്രമീകരിക്കാൻ സ്വീകരിച്ച നടപടികളറിയിക്കാൻ ഓഡിറ്റ് എൻക്വയറി (നമ്പർ 4/16.9.22 ) നൽകുകയുണ്ടായി. 260 പൊതുടാപ്പുകളും കട്ട് ചെയ്യുന്നതിന് 2022-23 വർഷം പ്രോജക്റ്റ് രൂപീകരിച്ചിട്ടുണ്ടെന്നും ആയതിന്റെ എസ്റ്റിമേറ്റ് എടുത്ത് നൽകുവാനാവശ്യപ്പെട്ട് വാട്ടർ അതോറിറ്റിക്ക് 1.9.22 ന് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമായി. ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് പൊതുടാപ്പുകളുടെ എണ്ണം ക്രമീകരിച്ചശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 വിനിയോഗവിവരം ലഭ്യമാകാത്ത ഡെപ്പോസിറ്റ് വർക്കുകൾ.

തൻവർഷം സെക്രട്ടറി നിർവ്വഹിച്ച വിവിധ ഡെപ്പോസിറ്റ് വർക്കുകൾക്കായി വിവിധ സ്ഥാപനങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ വിനിയോഗവിവരം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ,പേര് | ചെലവ് തുക, ഫണ്ടിനം | ബിൽ നമ്പർ/ വൗച്ചർ നമ്പർ തീയതി | സ്ഥാപനം |
|---|---|---|---|---|
| 1 | 159/22 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 1170760/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | 291/17.3.22 | കെ.എസ്.ഇ.ബി ചെമ്പ് |
| | ആകെ | 1170760 | | |

മേൽ പ്രോജക്റ്റിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതിലേക്കായി 1170760/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 പൊളിച്ചെടുത്ത സാധനങ്ങൾ ലേലം ചെയ്ത് നൽകിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് | 104/22 |
| കരാറുകാരൻ | സുഹാസ് ആർ |
| അളവ് പുസ്തകം | 24/21-22 |
| ചെലവ് | 1,52,111/- |

കൃഷി ഭവൻ സ്റ്റോർ റൂം നവീകരണം എന്ന പ്രോജക്ടിന്റെ 2-ാം ഇനമായി ബിൽറ്റ് അപ്പ് സെക്ഷൻ പൊളിച്ചെടുത്തിട്ടുണ്ട് . പ്രസ്തുത ഇനത്തിന്റെ മൂല്യം കണക്കാക്കി സർവ്വേ റിപ്പോർട്ട് തയ്യാറാക്കുകയോ കരാറുകാരന്റെ പാർട്ട് ബില്ലിൽ കുറവ് ചെയ്യുകയോ ചെയ്തിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (18/22.09.2022) നൽകിയ മറുപടിയിൽ സർവേ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആയത് ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ ഫൈനൽ ബിൽ നൽകുമ്പോൾ സർവേ റിപ്പോർട്ട് പ്രകാരമുള്ള തുക കുറവ് ചെയ്യുകയോ, സാധനങ്ങൾ ലേലം ചെയ്ത് നൽകുകയോ ചെയ്യേണ്ടതാണ്.

1-23 പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കിയില്ല- നിശ്ചിത നിരക്കിൽ പിഴ ഈടാക്കിയില്ല

| | |
|---|---|
| പ്രൊജക്റ്റ് | 97/2022-വാടാച്ചിറ ചുണ്ടങ്ങാത്തറ റോഡ് ടാറിങ്ങ് |
| കരാറുകാരൻ | സുഹാസ് .ആർ |
| ചെലവഴിച്ച തുക | 200000/- CFC Grant |
| പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | 14.04.2020 |
| പൂർത്തീകരിച്ച തീയതി | 17.04.2021 |

14/10/2019 ൽ കരാറിൽ ഏർപ്പെട്ട ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 14/04/20 ആണ്. അളവുപുസ്തകം (42/2020-21) പ്രകാരം പ്രവൃത്തി പൂർത്തിയാക്കിയത് 17/06/21 ൽ ആണ്. ജിഒ(പി)13/PWD/ 1-2-2012 , 2012ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 പ്രകാരം സ്ഥലം ഏറ്റു വാങ്ങി 10 ദിവസത്തിനകം പണി ആരംഭിച്ച് പ്രവർത്തന കലണ്ടർ പ്രകാരമുള്ള സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്ത പക്ഷം കാലാവധിയുടെ 20% പിഴയില്ലാതെയും തുടർന്ന് ഒരു തവണ നിലവിലുള്ള പൂർത്തീകരണ കാലാവധിയുടെ 25%, കരാർ തുകയുടെ 1% പിഴയോടെയും തുടർന്നുള്ള കാലാവധി ദീർഘിപ്പിക്കലിന് 2% പിഴയും ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട് .എന്നാൽ നിയമാനുസൃതമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും 1994/- രൂപ മാത്രമാണ് പിഴ ഈടാക്കിയിട്ടുള്ളത് . ഫൈൻ ഈടാക്കിയതിൽ കുറവ് വന്നിട്ടുള്ളതായി കാണുന്നു. ഈടാക്കേണ്ടിയിരുന്ന പിഴതുക ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| സൈറ്റ് കൈമാറിയത് | 14.10.2019 | |
| കരാർ പ്രകാരം പൂർത്തീകരണ സമയം/ തീയതി | 6 - മാസം /14.04.2020 | |
| കരാർ തുക | 199400 /- | |
| ഗ്രേസ് പീരിയഡ് (6മാസംX30=180X20% | 36ദിവസം | |

| | | |
|---|---|---|
| ഗ്രേസ് പീരിയഡ് അനുവദിച്ചാൽ പൂർത്തീകരണ തീയതി | 20.05.2020 | |
| പ്രവൃത്തി പൂർത്തിയാക്കിയ തീയതി | 17/06/21 | |
| കരാർ വ്യവസ്ഥ പ്രകാരം 1% പിഴയോടെ പൂർത്തീകരിക്കേണ്ടത് ആദ്യ 3 മാസം | 20.05.2020വരെ | 1994 |
| തുടർന്ന് വരുന്ന 3 മാസം 2% പിഴ | 20.08.20 വരെ | 3988 |
| തുടർന്ന് വരുന്ന 3 മാസം 2% പിഴ | 20.11.20 വരെ | 3988 |
| തുടർന്ന് പൂർത്തിയായ തീയതി വരെ | 17.06.21 വരെ | 3998 |
| ആകെ | | 13958 |
| ഈടാക്കിയത് | | 1994 |
| ഫൈൻ ഈടാക്കിയതിൽ കുറവ് | | 11964/- |

ഫൈൻ കുറവായി ഈടാക്കാനുണ്ടായ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/22.09.22) നൽകിയ മറുപടിയിൽ ലോക്ക്ഡൗൺ , പ്രാദേശിക പ്രശ്നങ്ങൾ തുടങ്ങിയ കരാറുകാരന്റെ ഭാഗത്തുനിന്നല്ലാത്ത കാരണങ്ങളാലാണ് പ്രവൃത്തി പൂർത്തീകരണത്തിന് കാലതാമസം വന്നതെന്നും, ആയതിനാലാണ് കുറഞ്ഞ നിരക്കിൽ ഫൈൻ ഈടക്കിയതെന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ ഇത് സംബന്ധിച്ച് കരാറുകാരന്റെ അപേക്ഷയോ, കമ്മറ്റി തീരുമാനമോ ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ പിഴ ഇനത്തിൽ കുറവ് വന്ന 11964/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

1-24 മൂന്നാം വാർഡിലെ അങ്കണവാടി കെട്ടിട നിർമ്മാണം - സ്ഥലം ലഭിച്ചിട്ടും പദ്ധതി നടപ്പാക്കിയിട്ടില്ല.

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മൂന്നാം വാർഡിലെ തുരുത്തുമ്മയിൽ അങ്കണവാടിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി ശ്രീ രവീന്ദ്രൻ ജി., തെക്കേപറമ്പിൽ വീട്, എന്നയാൾ 8/ 15A എന്ന സർവേ നമ്പറിൽ 3 സെന്റ് സ്ഥലം സൗജന്യമായി വിട്ടുനൽകി 16.07.2016 ൽ ലാൻഡ് റിലിങ്ക്വിഷ്മെന്റ് നടത്തിയിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുവാൻ 20/07/2016 ലെ 49-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുത്തിട്ടുള്ളതുമാണ്. ടി സ്ഥലം പഞ്ചായത്തിന്റെ പേരിലാക്കി കരം അടച്ചതിന്റെ വിശദാംശങ്ങൾ, ടി സ്ഥലത്ത് അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/22.09.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി വിഷയം എക്സിറ്റ് മീറ്റിങ്ങിൽ പരാമർശിച്ചതിന് മറുപടിയായി ടി സ്ഥലത്തേക്കുള്ള വഴി സംബന്ധിച്ച പ്രശ്നങ്ങൾ മൂലമാണ് അങ്കണവാടി കെട്ടിട നിർമ്മാണം ആരംഭിക്കുവാൻ സാധിക്കാതെ വന്നതെന്ന് അറിയിച്ചു. വഴി സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിച്ച് അങ്കണവാടി കെട്ടിട നിർമ്മാണം ആരംഭിക്കേണ്ടതും സ്ഥലം പഞ്ചായത്തിന്റെ പേരിലാക്കിയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്കായി

ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2021-22 | 22.09.2022 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ചതുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| വൈക്കം ബ്ലോക്ക് പഞ്ചായത്ത് | 75000 | അനുപൂരക പോഷകാഹാരം | 75000 | 0 |
| | 105700 | ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 105700 | 0 |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 491667 | ലൈഫ് ഭവന പദ്ധതി എസ്.സി.പി | 491667 | 0 |
| | 188060 | അനുപൂരക പോഷകാഹാര | 188060 | 0 |

| | | | | |
|---|---|---|---|---|
| | | വിതരണ പദ്ധതി | | |
| | 250000 | ശാരീരീക മാനസിക വൈകല്യമുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 250000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കിനത്തിൽ നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് പ്രോജക്റ്റ് നം. | മുൻകൂർ നൽകിയ തുക/ചെക്ക് നം | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 1170760 രൂപ. 22101406തീയതി 22.03.22 | 0 | 1170760 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ /വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി ഒ(എം.എസ്) 68/2018,18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | 12240000 | 9864000 | 1496000 | - | 8368000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക( പലിശ) | 450000 |
| ആകെ | 450000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന | 450000 |

| സ്ഥിരനിക്ഷേപം | |
|---|---|

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | എസ്.ബി.ഐ, കുലശേഖരമംഗലം | 26.10.2021 | 1 വർഷം | 450000 | എഫ്.ഡി നമ്പർ 40531007118 തീയതി 26.10.2021 |
| ആകെ | | | | 450000 | |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് നം. | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2018/19 | 1-16 | 3300 | ഐ.എ.എച്ച് ക്യാന്റീൻ | 121060104611 തീയതി 15.03.2022 |
| 2018/19 | 1-16 | 3300 | ഐ.എ.എച്ച് ക്യാന്റീൻ | 121060104612 തീയതി 15.03.2022 |
| 2019/20 | 1-11 | 11400 | ഐ.എ.എച്ച് ക്യാന്റീൻ | 121060104613 തീയതി 15.03.2022 |
| 2019/20 | 1-12 | 1250 | ഐ.എ.എച്ച് ക്യാന്റീൻ | 121060104614 തീയതി 15.03.2022 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 09-10 | പ്രവർത്തനാവലോകനം | 2011-12 | - | കാർഷികപദ്ധതിയും കൃഷിഭവനും, ശിശുക്ഷേമം | - |

4-9 ചാർജ്/സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,21,01,188 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,98,62,288 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1914119 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 29500 | ശ്രീ.സുരേഷ് കുമാർ കെ., സെക്രട്ടറി |
| 1-14 | 73284 | ശ്രീമതി പൊന്നമ്മ കെ.ജെ., ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 1-15 | 100000 | ശ്രീ.കെ.പി.മധു, അസിസ്റ്റന്റ് സെക്രട്ടറി |
| 1-16 | 447078 | ഡോ.ലിറ്റി തോമസ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 1-17 | 7614 | ഡോ.വിദ്യ എസ്., മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 1-18 | 85883 | ഡോ.നമിത കെ.ആർ., മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-21 | 1170760 | ശ്രീ.സുരേഷ് കുമാർ കെ., സെക്രട്ടറി |
| ആകെ | 1914119 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2002-03 ചെലവ് | കെ.എസ്.എ.കെ.റ്റി.എം പി6(അദാ2022)1136(2)/2022/ 04.08.22 |
| 2004-05 | കെ.എസ്.എ.കെ.റ്റി.എം പി6(അദാ2022)1136(4)/2022/ 04.08.22 |
| 2005-06 | കെ.എസ്.എ.കെ.റ്റി.എം പി6(അദാ2022)1136(5)/2022/ 04.08.22 |
| 2006-07 | കെ.എസ്.എ.കെ.റ്റി.എം പി6(അദാ2022)1136(6)/2022/ 04.08.22 |
| 2007-08 | കെ.എസ്.എ.കെ.റ്റി.എം പി6(അദാ2022)1136(7)/2022/ 04.08.22 |
| 2008-09 | കെ.എസ്.എ.കെ.റ്റി.എം പി6(അദാ2022)1136(8)/2022/ 04.08.22 |
| 2009-10 | കെ.എസ്.എ.കെ.റ്റി.എം പി6(അദാ2022)1136(9)/2022/ 04.08.22 |
| 2010-11 | കെ.എസ്.എ.കെ.റ്റി.എം പി6(അദാ2022)1136(10)/2022/ 04.08.22 |
| 2011-12 | കെ.എസ്.എ.കെ.റ്റി.എം പി6(അദാ2022)1136(11)/2022/ 04.08.22 |
| 2012-13 | കെ.എസ്.എ.കെ.റ്റി.എം പി6(അദാ2022)1136(12)/2022/ 04.08.22 |

| | |
|---|---|
| 2015-16 | കെ.എസ്.എ.കെ.റ്റി.എം<br><br>പി6(അദാ2022)1136(14)/2022/ 04.08.22 |
| 2016-17 | കെ.എസ്.എ കെടിഎം പി6/ 1402/17 29.11.17 |
| 2017-18 | കെ.എസ്.എ.കെ.റ്റി.എം<br><br>പി6(അദാ2022)1136(15)/2022/ 04.08.22 |
| 2018-19 | കെ.എസ്.എ.കെ.റ്റി.എം<br><br>പി6(അദാ2022)1136(16)/2022/ 04.08.22 |
| 2019-20 | കെ എസ് എ/കെ റ്റി എം പി -6-1041/21 / 15-09-21 |
| 2020-21 | കെ എസ് എ/കെ റ്റി എം പി -6- 1042/21 / 16-09-21 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ ,

ജില്ലാ ഓഡിറ്റ് കാര്യാലയം , കോട്ടയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മറവൻതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്